# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/09/2021


## ബഹു. കേരള സംസ്ഥാന പോലീസ് മേധാവി നാളെ (03.09.2021) രാവിലെ 10.30 മണിക്ക് പെറ്റിഷൻ അദാലത്തിൽ പങ്കെടുക്കുന്നതിനായി കൊല്ലം സിറ്റി പോലസ് കമ്മീഷണർ ഓഫീസിൽ എത്തി ചേരുന്നു.



## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാൽസംഗം ചെയ്ത യുവാവ് പോക്സോ പ്രകാരം അറസ്റ്റിൽ

കൊല്ലം : പതിനാലുകാരിയായ പെൺകുട്ടിയെ ബലാൽസംഗം ചെയ്തയാൾ പോലീസ് പിടിയിലായി. തഴുത്തല വില്ലേജിൽ വടക്കുകര കിഴക്കേ ചേരിയിൽ അബു താഹീർ മൻസിൽ (വയലിൽ പുത്തൻ വീട്) മുഹമ്മദ് ബഷീർ മകൻ നബീബ് (25) ആണ് പോലീസ് പിടിയിലായത്. മൂന്ന് മാസങ്ങൾക്ക് മുമ്പ് പെൺകുട്ടിയുടെ ഇൻസ്റ്റാഗ്രാം അക്കൗണ്ടിൽ ഫ്രണ്ട് റിക്വസ്റ്റ് അയച്ച് പരിചയപ്പെട്ട ഇയാൾ തുടർന്ന് മൊബൈൽ നമ്പർ വാങ്ങി വാട്ട്സ് ആപ്പ് വഴി നിരന്തരം ചാറ്റ് ചെയ്ത് വിവാഹം കഴിക്കാം എന്ന് പെൺകുട്ടിയെ വിശ്വസിപ്പിക്കുകയായിരുന്നു. വാട്ട്സ് ആപ്പിലൂടെ ഇയാൾ ആവശ്യപ്പെട്ടതനുസരിച്ച് പെൺകുട്ടിയുടെ നഗ്ന ചിത്രങ്ങൾ ഇയാൾക്ക് അയച്ച് നൽകി. തുടർന്ന് പെൺകുട്ടിയുടെ വീട്ടിന് സമീപമുള്ള പണിതീരത്താ വീട്ടിൽവച്ച് ഇയാൾ പെൺകുട്ടിയെ ബലാൽസംഗം ചെയ്യുകയായിരുന്നു. പെൺകുട്ടിയുടെ അസമയത്തെ മൊബൈൽ ഉപയോഗം ശ്രദ്ധയിൽപ്പെട്ട കുടുംബം ഇയാളുമായിട്ടുള്ള ബന്ധം കണ്ടെത്തി. പെൺകുട്ടി കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം വനിത പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ.റ്റി ഐ.പി.എസ്സിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തിയ അന്വേഷണത്തിൽ ഇയാളെ കൊട്ടിയത്ത് നിന്നും പോലീസ് പിടികൂടുകയായിരുന്നു. കൊല്ലം വനിതാ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ സി.പുഷ്പലത, എസ്സ്.സി.പി.ഓമാരായ മിനി, രമാബായി, ആഷാമോൾ, അനിത എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് നഗ്നത പ്രദർശിപ്പിച്ചയാൾ പോക്സോ പ്രകാരം അറസ്റ്റിൽ

കൊല്ലം : പത്ത് വയസുകാരിയോട് നഗ്നത പ്രദർശിപ്പിച്ചയാളെ പോലീസ് അറസ്റ്റ് ചെയ്തു. കൊട്ടിയം വെൺമണിച്ചിറ ചരുവിള വീട്ടിൽ ഷെമീർ (37) ആണ് പോലീസ് പിടിയിലായത്. ഇയാൾ മദ്യപിച്ച് പെൺകുട്ടിയുടെ നേരെ ഉടുവസ്ത്രം ഉരിഞ്ഞ് പ്രദർശിപ്പിക്കുകയും കവിളത്ത് അടിക്കുകയുമായിരുന്നു. ഇയാൾക്കെതിരെ മാതാവിനൊടൊപ്പം എത്തിയ പെൺകുട്ടി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പോക്സോ പ്രകാരം കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് എടുത്തത്. ഇയാളെ കൊട്ടിയം കൊട്ടുമ്പുറം എന്ന സ്ഥലത്ത് നിന്നും പോലീസ് പിടികൂടുകയായിരുന്നു. പ്രതിയെ റിമാന്റ് ചെയ്തു. കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൽ എം.സി എസ്സ്.ഐമാരായ സുജീത് ജി നായർ, സംഗീത എസ്സ്.ആർ, അഷ്ടമൻ പി.ജി, സി.പി.ഓ രമ്യ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

## വീട്ടിൽ കയറി യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചിട്ട് ഒളിവിലായിരുന്ന പ്രതികൾ പോലീസ് പിടിയിൽ

കൊല്ലം : കൊട്ടിയം സിത്താര ജംഗ്ഷന് സമീപം വീട്ടിൽ കയറി യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ട് പേർ പോലീസ് പിടിയിലായി. രോഹിണി വീട്ടിൽ പൊട്ടാസ് എന്നു വിളിക്കുന്ന നിഷാദിന്റെ വീട്ടിൽ 19.07.2021 ഉച്ചയ്ക്ക് കയറി ഇയാളുടെ ഭാര്യയെ മാന ഹാനിപ്പെടുത്തുകയും നിഷാദിനെ തലയ്ക്കും കൈകളിലും വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത സംഘത്തിലെ ഒളിവാലായിരുന്ന രണ്ട് പേരാണ് കൊട്ടിയം പോലീസിന്റെ പിടിയിലായത്. ഈ കേസിലെ മൂന്ന് പ്രതികളെ ഒരു മാസം മുമ്പ് പോലീസ് പിടികൂടിയിരുന്നു. വടക്കേവിള വില്ലേജിൽ അയത്തിൽ മാടയ്ക്കൽ പടി ഞ്ഞാറ്റതിൽ റഷീദ് മകൻ സജാദ് പളളിമൺ വില്ലേജിൽ വിളച്ചിക്കാല അൻസാരി മൻസിലിൽ ഷറഫ് മകൻ കൊച്ച് അൻസാരി എന്നു വിളിക്കുന്ന അൻസാരി എന്നിവരാണ് പോ ലീസ് പിടിയിലായത്. ഒളിവിലായിരുന്ന പ്രതികളെ പിടികൂടുന്നതിന് വേണ്ടി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസ് പ്രത്യേക സംഘത്തെ നിയോഗിച്ചതിന്റെ അടിസ്ഥാനത്താൽ നിരന്തരമായി നടത്തിയ തിരച്ചിലിനൊടുവിലാണ് പ്രതികൾ പിടിയിലായത്. കൊട്ടിയം ഇൻസ്പെക്ടർ ജിംമ്സ്റ്റൻ.എം.സി, എസ്സ്.ഐമാരായ പ്രവീൺ, ഗിരീഷ്, സുജിത്.ജിനായർ എ.എസ്സ്. ഐ സുനിൽകുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



സജാദ്



അൻസാരി @ കൊച്ച് അൻസാരി

## ഗൃഹനാഥനെ കൊലപ്പെടുത്താൻ ശ്രമിച്ചിട്ട് ഒളിവിലായിരുന്ന സംഘം പോലീസ് പിടിയിലായി




കൊല്ലം : വീട്ടിന് സമീപം ഇരുന്ന മദ്യപിക്കുന്നതിനെ വിലക്കിയതിന് വയോധികനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘം പോലീസ് പിടിയിലായി. ചാത്തന്നൂർ മീനാട്, ചിറക്കര സ്വദേശികളായ ഏഴ് പേരാണ് പോലീസ് പിടിയിലായത്. ചാത്തന്നൂർ മീനാട് സ്വദേശികളായ മീനാട് ഈസ്റ്റ് ശരത് ഭവനിൽ സലിൻകുമാർ മകൻ ശരത് (34), മീനാട് ഈസ്റ്റ് ആരാധന ജംഗ്ഷന് സമീപം സന്ധ്യ ഭവനത്തിൽ സത്യൻ മകൻ സന്തോഷ് (37), ആരാധന ജംഗ്ഷന് സമീപം കല്ലുവിള വീട്ടിൽ ഭുവനചന്ദ്രക്കുറുപ്പ് മകൻ ദിനു (41), ആരാധന ജംഗ്ഷന് സമീപം കുന്നുവിള വീട്ടിൽ രത്നാകരൻ മകൻ അരുൺ (36), ആരാധന ജംഗ്ഷന് സമീപം കല്ലിംങ്കൽ വീട്ടിൽ സുരേന്ദ്രൻ മകൻ പ്രശാന്ത് (38), ചിറക്കര വില്ലേജിൽ താഴം തെക്ക് വി,പി സദനത്തിൽ സതീഷ് മകൻ സച്ചു (33), താഴം തെക്ക് കവിൻ കവിതാ നിവാസിൽ കുട്ടപ്പൻ മകൻ കവിൻ ദേവ് (32) എന്നിവരാണ് പോലീസ് പിടിയിലായത്. ചാത്തന്നൂർ താഴം തെക്ക് വിളപ്പുറം ആനന്ദവിലാസം ക്ഷേത്രത്തിന് സമീപത്തുള്ള കട്ടച്ചൂള്ളയിൽ മദ്യപിക്കാനെത്തിയ സംഘത്തിലെ രണ്ട് പേരെ വീടിന് സമീപം ഇരുന്ന് മദ്യപിക്കരുതെന്ന് വിലക്കിയ ബിനോയ് എന്നയാളിനെയാണ് സംഘം ചേർന്ന് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. കഴിഞ്ഞ ഏപ്രിൽ നാലിനാണ് സംഭവം നടന്നത്. സംഭവത്തിന് ശേഷം ഒളിവിലായ പ്രതികളെ പോലീസ് അന്വേഷിച്ച് വരവേ ആണ് ഇവർ പോലീസ് പിടിയിലായത്. ചാത്തന്നൂർ ഇൻസ്പെക്ടർ ജസ്റ്റിൻ ജോൺ, എസ്സ്.ഐമാരായ ജ്യോതി സുധാകർ, ഷീന, രഞ്ജിത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.